**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2577** **02-08-2021 - ൽ മറുപടിയ്ക്ക്**

**കുട്ടികളുടെ മാനസികാരോഗ്യം ശക്തിപ്പെടുത്താനുള്ള പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19 ന്റെ സാഹചര്യത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ കഴിയാത്തതിനാൽ കുട്ടികളുടെ മാനസികാരോഗ്യം ശക്തിപ്പെടുത്താനുള്ള എന്തെല്ലാം പരിപാടികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (എ) | കുട്ടികളുടെ മാനസിക നിലവാരം മനസിലാക്കുന്നതിന് വേണ്ടി എസ്.സി. ഇ.ആർ.ടി തിരുവനന്തപുരം വിമൻസ് കോളേജുമായി ചേർന്ന് സംയുക്തമായി ഒരു പഠനം നടത്തിയിരുന്നു. ഈ അധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ വിദഗ്ധരുടെ ഒരു പാനൽ രൂപീകരിക്കുകയും ആ പാനലിന്റെ നിർദേശപ്രകാരം കുട്ടികളുടെ മാനസിക ഉല്ലാസത്തിനായുള്ള ക്ലാസ്സുകൾ വിക്ടേഴ്സ് ചാനൽ വഴി നൽകുകയും ചെയ്തിരുന്നു. അതോടൊപ്പം തന്നെ കലാ കായിക, വിദ്യാഭ്യാസം, യോഗ എന്നിവയുമായി ബന്ധപ്പെട്ട ഡിജിറ്റൽ ക്ലാസ്സുകൾ തയ്യാറാക്കിയിട്ടുണ്ട്. ഉടൻ തന്നെ ആയത് കുട്ടികൾക്ക് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്യുന്നതായിരിക്കും. ഇത്തരത്തിൽ കുട്ടികളുടെ മാനസിക വൈകാരിക സംഘർഷം ലഘൂ കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകരമാം വിധം കൈറ്റിന്റെ നേതൃത്വത്തിൽ 'ഉള്ളറിയാൻ' എന്ന പരിപാടി ഡിജിറ്റൽ ക്ലാസ്സുകളുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതിൽ മന: ശാസ്ത്രജ്ഞരുടെ സഹായം തേടുന്നുണ്ട്. ഒപ്പം തന്നെ കായികക്ഷമതയും ആരോഗ്യവും സംബന്ധിച്ച വീഡിയോ ക്ലാസ്സുകളും കൂടി വിക്ടേഴ്സ് ചാനൽ വഴി സംപ്രേക്ഷണം ചെയ്യുന്നുണ്ട്. മാനസികാ രോഗ്യവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾക്ക് ഇതിനോടകം തന്നെ സ്കൂളുകളിൽ തുടക്കം കുറിച്ചിട്ടുണ്ട്. ജീവിതനൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 'ഉല്ലാസപ്പറവകൾ' എന്ന പേരിലുള്ള പ്രവർത്തനം സംസ്ഥാനത്തു നടന്നു വരുന്നു. ഈ പേരിൽ പ്രത്യേക പഠനസാമഗ്രി തയ്യാറാക്കിയാണ് മുന്നോട്ട് പോകുന്നത്. കുട്ടികളുടെ മാനസികാരോഗ്യം ഈ പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | മുഖ്യപരിഗണനയാണ്. Our Responsibility to Children (ORC)എന്ന പദ്ധതിയും സ്കൂൾ കുട്ടികൾക്കായി നടപ്പാക്കുന്നുണ്ട്. കുട്ടികളുടെ വൈകാരികവും മാനസികവുമായ ക്ഷേമം ഈ പരിപാടിയുടെ ലക്ഷ്യമാണ്. ഇതിലെല്ലാം രക്ഷിതാക്കളുടെ പങ്കാളിത്തവും കൂടി ഉറപ്പുവരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ